2010, ഖുത്വ്ബ നമ്പർ-38

بسم الله الرحمن الرحيم

17.09.2010
ഗോൾവെ
ഐർലന്റ്

# ഐർലന്റ് പര്യടനം

وَاِذْ يَرْفَعُ اِبْرٰهِمُ الْقَوَاعِدَ مِنَ الْبَيْتِ وَاِسْمٰعِيْلُ ؕ رَبَّنَا تَقَبَّلْ مِنَّا ؕ اِنَّكَ اَنْتَ السَّمِيْعُ الْعَلِيْمُ ﴿۱۲۸﴾ رَبَّنَا وَاجْعَلْنَا مُسْلِمَيْنِ لَكَ وَمِنْ ذُرِّيَّتِنَآ اُمَّةً مُّسْلِمَةً لَّكَ ۖ وَاَرِنَا مَنَاسِكَنَا وَتُبْ عَلَيْنَا ۚ اِنَّكَ اَنْتَ التَّوَّابُ الرَّحِيْمُ ﴿۱۲۹﴾

ഹദ്റത്ത് ഇബ്റാഹീം عليه السلام ഉം ഹദ്റത്ത് ഇസ്മായിൽ عليه السلام ഉം ആ പ്രത്യേക ഭവനത്തിന്റെ അസ്തിവാരം ഇപ്രകാരം ദുആ ചെയ്ത് ഉയർത്തുകയുണ്ടായി. അല്ലാഹുവേ, ഞങ്ങളിൽ നിന്ന് ഇത് സ്വീകരിക്കേണമേ. നിശ്ചയമായും നീ എല്ലാം കേൾക്കുന്നവനും നല്ല പോലെ അറിയുന്നവനുമാണ്. ഞങ്ങളുടെ നാഥാ! നീ ഞങ്ങൾ രണ്ടുപേരേയും നിന്നെ അനുസരിക്കുന്നവരാക്കുകയും, ഞങ്ങളുടെ സന്താനങ്ങളിൽ നിന്ന് നിന്നെ അനുസരിക്കുന്ന ഒരു സമുദായത്തെ എഴുന്നേൽപിക്കുകയും ചെയ്യേണമേ. ഞങ്ങൾക്ക് ഞങ്ങളുടെ ആരാധനയുടെയും ത്യാഗത്തിന്റെയും രീതികൾ കാണിച്ചുതരേണമേ. ഞങ്ങളുടെ മേൽ കരുണ കാണിക്കേണമേ. എന്ത് കൊണ്ടെന്നാൽ, നീ അങ്ങേയറ്റം പശ്ചാത്താപം സ്വീകരിക്കുന്നവനും കരുണാമയനുമാണ്.

ഐർലന്റിലേക്കുള്ള എന്റെ ആദ്യത്തെ യാത്രയാണിത്. ഈ പ്രദേശത്ത് അഹ്മദിയ്യ ജമാഅത്തിന്റെ ആദ്യ പള്ളിയുടെ തറക്കല്ലിടുക എന്നതാണ് ഈ യാത്രയുടെ ഉദ്ദേശ്യം. കുറെ നാളായി ഇവിടെയുള്ള ആളുകൾ ഈ പള്ളി ഡബ്ളിൽ ഉണ്ടാക്കണമോ അതല്ല ഗോൾവേയിൽ ഉണ്ടാക്കണമോയെന്ന ചിന്തയിലായിരുന്നു. എന്നാൽ അല്ലാഹുവിന്ന് നന്ദി; ഞാൻ പറഞ്ഞതിനെ മാനിച്ചുകൊണ്ട്- ഇതിന്ന് ചില കാരണങ്ങളുമുണ്ട്- ആദ്യത്തെ പള്ളി ഗോൾവെയിൽ ഉണ്ടാക്കാമെന്ന കാര്യത്തിൽ എല്ലാവരും യോജിക്കുകയുണ്ടായി. ഗോൾവെ ലോകത്തിന്റെ ഒരു കോണാണെന്ന് മനസ്സിലാക്കാം. ഈ പ്രദേശം സമുദ്രത്തിന്റെ തീരത്താണ് സ്ഥിതി ചെയ്യുന്നത്. ഇതിന്നുശേഷം അറ്റ്ലാന്റിക് ഉൾക്കടൽ തുടങ്ങുന്നു. ഈ ദ്വീപിന് ശേഷം യൂറോപിൽ വേറൊരു ദ്വീപില്ല. ഇവിടുന്ന് ലെയിൻ വരക്കുകയാണെങ്കിൽ ഇതിന്നുശേഷം കാനഡ, അമേരിക്ക എന്നീ സ്ഥലങ്ങൾ തുടങ്ങുന്നു. ഈ നിലയിൽ ഈ പ്രദേശം ലോകത്തിന്റെ ഒരു കോണായിട്ടാണ് മനസ്സിലാവുന്നത്. ഏകത്വത്തിന്റെ ശബ്ദം ഇവിടെ നിന്നും ലോകത്ത് എത്തിക്കുന്നതിന്നു വേണ്ടി ഹദ്റത്ത് മസീഹ് മൗഊദ് عليه السلام നെ വിശ്വസിക്കുന്ന കൂട്ടർക്ക് ഇൻശാഅല്ലാഹ്, ഒരു പള്ളി പണിയുവാനുള്ള തൗഫീഖ് ലഭിച്ചുകൊണ്ടിരിക്കുകയാണ്. പള്ളിനിർമ്മാണത്തിന്റെ ലക്ഷ്യവും ഇതുതന്നെയാണ്. അതായത് നാം നമ്മുടെ ഹൃദയത്തെ പരിശുദ്ധമാക്കികൊണ്ട് അല്ലാഹുവിന്റെ യഥാർത്ഥ ആരാധകരായി പള്ളിയിൽ അഞ്ചുനേരം വരികയും, അവന്റെ സന്നിധിയിൽ കുമ്പിടുകയും ആരാധന നടത്തുകയും ചെയ്യുന്നതോടൊപ്പം തന്നെ തൗഹീദിന്റെ സന്ദേശം ലോകർക്ക് എത്തിച്ചുകൊടുക്കുകയും ചെയ്യുന്നു. ലാഇലാഹ ഇല്ലല്ലാഹു എന്ന ശബ്ദം ഉയർത്തിപിടിച്ചുകൊണ്ട് ഈ സന്ദേശം ലോകർക്ക് എത്തിച്ചുകൊടുക്കുകയും ചെയ്യേണ്ടതാണ്. ലോകത്തിന്റെ എല്ലാ കോണുകളിൽ നിന്നും ഈ ശബ്ദം ഉയർന്നുകൊണ്ട് അർശിൽ എത്തുകയാണെങ്കിൽ അല്ലാഹുവിന്റെ പ്രീതി കരസ്ഥമാക്കുന്നവരിൽ നാമും ഉൾപെടുന്നതാണ്. അല്ലാഹു മുഹമ്മദീ മസീഹിനെ ഇതിന്നുവേണ്ടിയാണ് ലോകത്ത് അയച്ചിട്ടുള്ളത്. മുൻകാലത്തുള്ള പ്രവാചകന്മാരും ഹദ്റത്ത് റസൂൽകരീം صلى الله عليه وسلم യും സത്യപ്രേമിയുടെ വരവിനെകുറിച്ച് ഏതൊരു പ്രവചനമാണ് ചെയ്തിട്ടുള്ളത് അതിന്റെ പൊരുളും ഇതുതന്നെയാണ്. അദ്ദേഹം അല്ലാഹു അക്ബർ എന്ന മുദ്രാവാക്യം ലോകത്ത് പ്രചരിപ്പിക്കുകയും ലാഇലാഹ ഇല്ലല്ലാഹു മുഹമ്മദുറ്റസൂല്ലുലാഹ് എന്ന സന്ദേശം ലോകത്ത് നൽകികൊണ്ട് അവരെ ഒരുമിച്ചുനിർത്തി, അല്ലാഹുവിന്റെ പരിശുദ്ധനബി മുഹമ്മദ് നബി صلى الله عليه وسلم യുടെ അടിമത്വത്തിൽ കൊണ്ടെത്തിക്കുകയും ചെയ്യുന്നു. ഇതല്ലാതെ വേറൊരു സന്ദേശവും ഹദ്റത്ത് മസീഹ് മൗഊദ് عليه السلام കൊണ്ടുവന്നിട്ടില്ല. അല്ലാഹു അദ്ദേഹത്തിന്ന് ഇൽഹാമിലൂടെ സന്തോഷ വാർത്ത നൽകികൊണ്ട് വാഗ്ദാനം ചെയ്തിരിക്കുന്നു.

**"മേ തേരി തബ്‌ലീഗ് കൊ സമീൻ കെ കിനാരോം തക് പഹുൻജാഊംഗ"**

ഞാൻ നിന്റെ തബ്‌ലീഗിനെ ഭൂമിയുടെ കോണുകളോളം എത്തിക്കുന്നതാണ്.

ഏതൊരുവൻ ശരീഅത്ത് പൂർണമാക്കിയോ, ലോകർ അന്വേഷിച്ചുകൊണ്ടിരിക്കുന്ന അല്ലാഹുവിന്റെ അനുഗ്രഹത്തെ പരിപൂർണമായ നിലയിൽ ലോകർക്ക് നൽകിയോ, ആ അല്ലാഹുവിന്റെ സ്നേഹിതനും, അവസാനത്തെ പ്രവാചകനും, ഖാത്തമുന്നബിയും, പ്രവാചകന്മാരുടെ അഭിമാനവുമായ ഹദ്റത്ത് മുഹമ്മദ് മുസ്തഫ صلى الله عليه وسلم കൊണ്ടുവന്നിട്ടുള്ള സന്ദേശമെന്നതാണിതിന്റെ ഉദ്ദേശ്യം. ചുരുക്കത്തിൽ ഞാൻ നിന്റെ തബ്‌ലിഗിനെ ലോകത്തിന്റെ കോണുകളോളം എത്തിക്കുമെന്ന് അല്ലാഹു പറയുമ്പോൾ അതിന്റെ ഉദ്ദേശ്യം റസൂൽകരീം صلى الله عليه وسلم കൊണ്ടുവന്നിട്ടുള്ള സന്ദേശം ലോകത്ത് പ്രചരിക്കുന്നതാണെന്ന് മനസ്സിലാവുന്നു. റസൂൽകരീം صلى الله عليه وسلم കൊണ്ടുവന്നിട്ടുള്ള ഈ സന്ദേശത്തെ ലോകത്ത് പ്രചരിപ്പിക്കുന്നതിന്ന് വേണ്ടി ഹദ്റത്ത് മസീഹ് മൗഊദ് عليه السلام എന്ത് മാത്രം വ്യാകുലപ്പെട്ടിരിക്കുന്നുവെന്നത് ചരിത്രം സാക്ഷിയാണ്. ഹദ്റത്ത് മസീഹ് മൗഊദ് عليه السلام നബികരീം صلى الله عليه وسلم ന്റെ കാലടികൾ പിന്തുടർന്നുകൊണ്ട് തന്റെ ജീവൻ ഈ മാർഗത്തിൽ ബലിയർപ്പിക്കുകയുണ്ടായി. അതിന്റെ ഫലമായി അല്ലാഹു അദ്ദേഹത്തോട് ഇപ്രകാരം പറഞ്ഞു.

ലോകത്ത് ഏതൊരു മതമാണോ വിജയം പ്രാപിക്കുന്നത് അത് ഹദ്റത്ത് മുഹമ്മദ് صلى الله عليه وسلم കൊണ്ടുവന്ന മതമാണ്. അതുകൊണ്ട്

അല്ലയോ മുഹമ്മദീമസീഹ് ഞാൻ ഈ ലക്ഷ്യത്തെ പൂർത്തിയാക്കുന്നതിന്നായി ഒരു നിമിത്തമാക്കി കൊണ്ട് നിന്നെ നിയോഗിച്ചിരിക്കുന്നു. ഇസ്‌ലാംമതം മാത്രമാണ് അവസാനത്തെ വിജയം ആർജിക്കേണ്ട മതം. ഇത് എന്റെ വാഗ്ദാനമാണ്. ഇത് എന്റെ വിധിയാണ്. അതുകൊണ്ട് തന്റെ ബലഹീനത, സാധന സാമഗ്രികളുടെ കുറവ് അതുപോലെ മാർഗങ്ങളിലുള്ള തടസം എന്നിവ ഓർത്ത് വിഷമിക്കേണ്ട ആവശ്യമില്ല. നിന്നിൽ അർപിതമായിട്ടുള്ള ഈ പ്രവൃത്തി നിന്നിൽ മാത്രം നിക്ഷിപ്തമായതല്ല, മറിച്ച് ഇത് ദൈവവിധിയാണ്. ഇത് ദൈവവിധിയായതുകൊണ്ട് എന്റെ സഹായവും നിന്റെ കൂടെയുണ്ടാകും. ചുരുക്കത്തിൽ മനുഷ്യസഹജമായ ബലഹീനതകൾ ഉണ്ടാകാം, വഴിയിൽ പല തടസ്സങ്ങളുമുണ്ടാകാം, സാധനസാമഗ്രികളുടെ കുറവുമുണ്ടാകാം. പക്ഷെ എന്റെയും റസൂൽകരീം ﷺ ന്റെയും കൊടിക്കീഴിൽ ജനങ്ങളെ കൊണ്ടുവരികയെന്ന നിന്റെ മിഷനെ എല്ലാവിധ വാഗ്ദാനത്തോടുകൂടി ഞാൻ പൂർത്തിയാക്കുന്നതാണ്. അല്ലാഹുവിന്റെ ഈ സഹായം നാം ഇതിന്നുമുമ്പും കണ്ടു, ഇപ്പോഴും കണ്ടുകൊണ്ടിരിക്കുന്നു, ഇനിയും കാണുന്നതാണ്. ഇൻശാഅല്ലാഹ്. എം.ടി.എ തന്നെ എടുക്കുക. ഇത് മുഖേന അഹ്മദിയ്യത്ത് അഥവാ യഥാർത്ഥ ഇസ്‌ലാമിന്റെ സന്ദേശം ഏത് നിലയിലാണ് പ്രചരിച്ചുകൊണ്ടിരിക്കുന്നത്. അതോടൊപ്പം തന്നെ കാലത്തിന്റെ ഖലീഫ ഏതൊരു സ്ഥലത്ത് പോവുന്നുവോ, അവിടെ നിന്നും ഹദ്റത്ത് മസീഹ് മൗഊദ് عليه السلام ന്റെ ശബ്ദം ഖലീഫ മുഖേന ലോകരിൽ എത്തുന്നു. ഞാൻ പറഞ്ഞതുപോലെ, ഫിജിയിലും മറ്റ് സ്ഥലങ്ങളിലും ഞാൻ ഈ കാര്യം പറഞ്ഞിരുന്നു. അതായത് ഈ പ്രദേശങ്ങളിൽ നിന്ന് ഖലീഫ മുഖേന ഹദ്റത്ത് മസീഹ് മൗഊദ് عليه السلام ന്റെ സന്ദേശം ലോകത്തിന്റെ കോണുകളോളം എത്തുന്നു. ഹദ്റത്ത് മസീഹ് മൗഊദ് عليه السلام ന്റെ സത്യസാക്ഷ്യത്തിലേക്കുള്ള എത്രമാത്രം വലിയൊരു തെളിവാണിതെന്ന് നോക്കുക! അപ്രകാരം തന്നെ അല്ലാഹുവിന്റെ സഹായം ഹദ്റത്ത് മസീഹ് മൗഊദ് عليه السلام ൽ പൂർത്തിയാവുന്നുവെന്നതിലേക്കും തെളിവാണിത്. ഇന്ന് ഇവിടുന്ന് സംപ്രേഷണം ചെയ്യുന്ന ഈ ഖുത്ബുബയും അതിന്റെ ഒരു ഭാഗമാണ്. എന്ത്കൊണ്ടെന്നാൽ ഞാൻ പറഞ്ഞതുപോലെ എന്റെ പക്കൽ ഈ പ്രദേശവും ലോകത്തിന്റെ കോണുകളിൽപ്പെട്ടതാണ്. ഏതൊരു പ്രവൃത്തിയാണോ ഹദ്റത്ത് മസീഹ് മൗഊദ് عليه السلام ൽ അല്ലാഹു അർപ്പിച്ചിട്ടുള്ളത്. അതേ പ്രവൃത്തിതന്നെയാണ് അദ്ദേഹത്തിൽ വിശ്വസിച്ചവരിലും അർപ്പിതമായിട്ടുള്ളതെന്ന കാര്യം നാം എപ്പോഴും ഓർക്കേണ്ടതാണ്. അല്ലാഹുവിന്റെ സഹായം ഉണ്ടാവുമെന്നുള്ള വാഗ്ദാനമുണ്ടായിട്ടും അല്ലാഹു അദ്ദേഹത്തെ സാന്ത്വനപ്പെടുത്തിയിട്ടും ഹദ്റത്ത് മസീഹ് മൗഊദ് عليه السلام ന്റെ പരിശ്രമത്തിലും ദുആയിലും കുറവ് വരുത്തിയിരുന്നില്ലെന്ന കാര്യം നാം എപ്പോഴും ഓർക്കേണ്ടതാണ്. മനുഷ്യസഹജമായ ബലഹീനതകൾ കാരണമായി അല്ലാഹുവിന്റെ കോപത്തിന്ന് പാത്രമായിത്തീരുമോ എന്ന ചിന്തയായിരുന്നു ഹദ്റത്ത് മസീഹ് മൗഊദ് عليه السلام ന് ഉണ്ടായിരുന്നത്. ഇതൊക്കെ ഹദ്റത്ത് മുഹമ്മദ് മുസ്തഫ ﷺ ൽ നിന്നാണ് അദ്ദേഹം പഠിച്ചത്. ഉദാഹരണം, ബദർ യുദ്ധത്തിൽ അല്ലാഹുവിന്റെ സഹായമുണ്ടാകുമെന്ന വാഗ്ദാനമുണ്ടായിട്ടും നബി ﷺ ചിന്താകുലനരായിരുന്നുവെന്ന സംഭവം നാം കേട്ടതാണ്, വായിച്ചതാണ്. നബി ﷺ ദുആയിലും ദൈവസ്മരണയിലും അങ്ങേയറ്റം മുഴുകിയതിന്റെ ഫലമായി അദ്ദേഹത്തിന്റെ ശരീരം വിറയൽ കൊള്ളുകയും നബി ﷺ യുടെ ഷാൾ തോളിൽ നിന്ന് താഴെ വീണുപോവുകയും ചെയ്യുമായിരുന്നു. അല്ലാഹുവിന്റെ വാഗ്ദാനം നമ്മോടൊപ്പമുണ്ട്, നമ്മൾ ബലഹീനരാണെങ്കിൽ തന്നെ എന്താണ് പ്രശ്നം. അല്ലാഹു നമ്മെ എപ്പോഴും സഹായിച്ചുകൊണ്ടിരുന്നു. അവൻ ഇന്നും നമ്മെ സഹായിക്കുന്നതാണെന്ന് പറഞ്ഞു ഹസ്രത്ത് അബൂബക്കർ(റ) നബികരീം ﷺ നെ സാന്ത്വനപ്പെടുത്തി കൊണ്ടിരുന്നു. - അല്ലാഹു നമ്മോടൊപ്പമാണെന്നും അല്ലാഹുവിന്റെ വാഗ്ദാനം സത്യമാണെന്നും വിജയം തീർച്ചയായും നമ്മുടേതാണെന്നുമുള്ള കാര്യം നബികരീം ﷺ യെക്കാൾ കൂടുതൽ അറിയുന്നവരായി മറ്റാരുണ്ട്. - ഹദ്റത്ത് അബൂബക്കർ(റ)ന്റെ വാക്കുകൾ ശ്രദ്ധിക്കാതെ അല്ലാഹുവിന്റെ സന്നിധിയിൽ ദുആ ചെയ്തുകൊണ്ടിരുന്നു. നമ്മുടെ ബലഹീനത കാരണം അല്ലാഹുവിന്റെ വാഗ്ദാനം പൂർത്തിയാവാതെ പോവരുതേയെന്ന് ദുആ ചെയ്തുകൊണ്ടേയിരുന്നു. ചുരുക്കത്തിൽ അല്ലാഹുവിന്റെ വരിഷ്ഠ ദാസന്മാർ അല്ലാഹുവിന്റെ വാഗ്ദാനം തീർച്ചയായും പൂർത്തിയാവുന്നതാണെന്ന് വിശ്വസിക്കുന്നതോടൊപ്പംതന്നെ അല്ലാഹു സ്വാശ്രയനാണെന്നും, അല്ലാഹുവിന്റെ വാഗ്ദാനങ്ങൾ പൂർത്തിയാകാതിരിക്കാനുള്ള കാരണമായി മാറുന്ന എന്തെങ്കിലും കാര്യങ്ങൾ നമ്മുടെ ഭാഗത്തിൽ നിന്ന് ഉണ്ടാവാൻ പാടില്ലെന്നുമുള്ള വേവലാതിയും അവരിൽ ഉണ്ടാവുന്നു. ഈയൊരു മാർഗദർശനത്തെയും അടിസ്ഥാനത്തേയുമാണ് യഥാർത്ഥ വിശ്വാസി സ്വീകരിക്കുന്നത്, സ്വീകരിക്കേണ്ടതും. അവൻ തന്റെ പരിശ്രമത്തിലും ദുആയിലും ഒരു കുറവും വരുത്തുന്നില്ല. അതോടൊപ്പംതന്നെ ഇതൊക്കെ നടക്കുന്നത് എന്റെ പരിശ്രമഫലമായാണെന്നും കരുതുന്നില്ല. മറിച്ച്, അല്ലാഹുവിനോടുള്ള ഭയം മനസ്സിൽ വെച്ച്കൊണ്ട് അല്ലാഹുവിന്റെ അനുഗ്രഹത്തെ അന്വേഷിച്ചുകൊണ്ടിരിക്കുന്നു. ലഭിച്ചുകൊണ്ടിരിക്കുന്ന അനുഗ്രഹങ്ങൾ നമ്മുടെ പ്രവർത്തനഫലമായാണെന്ന് ഒരിക്കലും അവർ ധരിക്കുന്നില്ല. ഈയൊരു പാഠമാണ് ഞാൻ ആരംഭത്തിൽ പാരായണം ചെയ്ത ആയത്തിൽ നിന്ന് നമുക്ക് ലഭിക്കുന്നത്. പ്രവാചകന്മാരുടെ പിതാവായ ഹദ്റത്ത് ഇബ്റാഹീം നബി عليه السلام ന്റെയും അദ്ദേഹത്തിന്റെ മകൻ ഹദ്റത്ത് ഇസ്മായിൽ നബി عليه السلام ന്റെയും ഉദാഹരണം പറഞ്ഞുകൊണ്ട്, അവരുടെ സംഭവങ്ങൾ വിവരിച്ചുകൊണ്ട്, അല്ലാഹു ഈ കാര്യത്തിലേക്കാണ് നമ്മുടെ ശ്രദ്ധ തിരിക്കുന്നത്. ഇതിനെ കുറിച്ച് ചിന്തിക്കുകയാണെങ്കിൽ ഈ പാഠമാണ് നമുക്ക് ലഭിക്കുന്നത്. പിതാവും മകനും രണ്ടുപേരും ചേർന്നുകൊണ്ട് അല്ലാവിന്റെ ഭവനത്തിന്റെ തറക്കല്ലിടുമ്പോൾ, നിന്റെ കൽപന പ്രകാരം ചെയ്യുന്ന ഈ ത്യാഗം സ്വീകരിക്കേണമെയെന്നാണ് വളരെ വിനിയാന്വിതരായി ദുആ ചെയ്തിരുന്നത്. ഇതും ഒരു വിനയമാണ്. അതായത് കഅ്ബയുടെ അടിത്തറ എവിടെയാണെന്ന് അവർക്ക് സ്വന്തമായി അറിയില്ലായിരുന്നു. അല്ലാഹു ഹദ്റത്ത് ഇബ്റാഹീം عليه السلام ന്ന് പറഞ്ഞുകൊടുത്തതിന്റെ അടിസ്ഥാനത്തിലാണ് അറിഞ്ഞത്. അപ്രകാരം തന്നെ ഇത് വളരെ പുരാതനമായ ഭവനമാണെന്നും ഹദ്റത്ത്

ഇബ്റാഹീം عليه السلام നോട് അല്ലാഹു പറയുകയുണ്ടായി. ഈ ഭവനം തന്നെയാണ് ലോകം നിലനിൽക്കുന്നതുവരെ ഏകത്വത്തിന്റെ സ്മരണയായി നിലനിൽക്കേണ്ടതും. അല്ലാഹു ഈ ഭവനത്തെ തന്റെ തൗഹീദിന്റെ അടയാളമായി ആക്കുകയും ചെയ്യുന്നതാണ്. എന്നിട്ടും ഇബ്റാഹീം عليه السلام ദുആ ചെയ്യുന്നത്, അല്ലാഹുവേ നിന്റെ കൽപന പ്രകാരം നാം ഇത് നിർമ്മിക്കുകയാണ്. അതുകൊണ്ട് ഇതിന്റെ നിർമ്മാണത്തിൽ നമ്മുടെ ത്യാഗവും ബന്ധപ്പെടുത്തേണമേ. - ഇങ്ങനെ ദുആ ചെയ്യുമ്പോൾ നമുക്കും നമ്മുടെ സന്താനങ്ങൾക്കും വിജനമായ ഈ പ്രദേശത്തെ ജനനിബിഡമാക്കേണ്ടതായി വരും. - അതുകൊണ്ട് ദുആ ചെയ്യുന്നത്, നമ്മുടെ ദുആ സ്വീകരിച്ചുകൊണ്ട് ഏതൊരു അനുഗ്രഹത്തിന്റെ അനന്തരവകാശിയാക്കുന്നുവോ നമ്മളിൽ അത് പൂർത്തിയാക്കേണമേ. കാരണം നമ്മുടെ ഈ ത്യാഗം വളരെ ചെറിയ ത്യാഗമാണ്. അപ്രകാരം തന്നെ ത്യാഗത്തെ സ്വീകരിക്കുകയെന്നതും നിന്റെ അനുഗ്രഹവുമായി ബന്ധപ്പെട്ടതാണ്. നാം ത്യാഗം ചെയ്യുമ്പോൾ ഇതിന്റെ യാഥാർത്ഥ്യം എന്താണെന്ന് നാം അറിയുന്നില്ല. ഇത് ത്യാഗമാണോ അല്ലയോ എന്നും നാം അറിയുന്നില്ല. ചുരുക്കത്തിൽ നീ ദുആ സ്വീകരിക്കുന്നവനാണ് അതുകൊണ്ട് നിന്റെ കൽപന പ്രകാരം ഇത് നിർമ്മിക്കുമ്പോൾ ഇതിന്റെ നിർമ്മാണത്തിനായി നാം എന്താണോ സമർപ്പിക്കുന്നത് അത് നിന്റെ അനുഗ്രഹം കൊണ്ട് മാത്രം സ്വീകരിക്കേണമേ എന്ന് ദുആ ചെയ്യുന്നു. സ്വീകരിച്ചിരിക്കുന്നു എന്നതിന്റെ അടയാളം എങ്ങിനെയാണ് പ്രകടമാവേണ്ടത്. പറയുന്നു നമ്മുടെ പേരും അതിൽ ഉൾപ്പെടുത്തേണമേ. അല്ലാഹുവിന്റെ സമീഅ് എന്ന സിഫത്തിനെ മുൻനിർത്തി ദുആ ചെയ്യുന്നതോടൊപ്പംതന്നെ അവിടെ അല്ലാഹുവിന്റെ അലീം എന്ന സിഫത്തിനെ ആസ്പദമാക്കി ദുആ ചെയ്യുകയും ചെയ്യുന്നു. അല്ലാഹുവേ നീ അലീമാണ് നമ്മുടെ ഹൃദയത്തിൽ എന്താണോ ഉള്ളതെന്ന് നീ അറിയുന്നു. നമ്മുടെ ഹൃദയാവസ്ഥ നിന്നിൽ നിന്ന് മറഞ്ഞതല്ല. നാം സത്യഹൃദയത്തോടുകൂടി കുമ്പിടുകയും കുമ്പിടുവാൻ ആഗ്രഹിക്കുകയും ചെയ്യുന്നു എന്ന് നീ അറിയുന്നു. അതുകൊണ്ട് നീ ഞങ്ങളെ സ്വീകരിക്കുകയും ഈ കെട്ടിടവുമായി ബന്ധപ്പെട്ടുള്ള നിന്റെ അനുഗ്രഹത്തിന്റെ അവകാശികളാക്കി മാറ്റുകയും ചെയ്യേണമേ. ഏതുവരെ നിന്റെ ലോകം നിലനിൽക്കുകയും നിന്റെ തൗഹീദിന്റെ ശബ്ദം ഇവിടുന്ന് ഉയരുകയും ചെയ്യുന്നുവോ അതുവരെ നമ്മുടെ പേരും ഇതുമായി ബന്ധപ്പെടുത്തി വെക്കേണമേ. ഈ ദുആ ചെയ്യുന്നതോടൊപ്പം ഇവിടെ വന്ന് ദുആ ചെയ്യുന്നവർ നമ്മെയും ഓർമ്മിക്കേണമേ എന്നും ദുആ ചെയ്യുകയും ചെയ്യുന്നു. പിതാവും മകനും ചെയ്തിട്ടുള്ള ഈ ത്യാഗം ഇന്നും നാം ഓർമ്മിക്കുന്നു. മുസ്ലിംകൾ എല്ലാ നമസ്ക്കാരത്തിലും അവസാനത്തെ റകഅത്തിൽ റസൂൽ കരീം صلى الله عليه وسلم യ്ക്ക് സ്വലാത്ത് ചൊല്ലുമ്പോൾ അതിനോടൊപ്പം ഹദ്റത്ത് ഇബ്റാഹീം عليه السلام നെയും അദ്ദേഹത്തിന്റെ കുടുംബത്തേയും ബന്ധപ്പെടുത്തിക്കൊണ്ട് സ്വലാത്ത് ചൊല്ലുന്നു. ഹദ്റത്ത് ഇബ്റാഹീം عليه السلام സത്യസന്ധമായ നിലയിൽ അല്ലാഹുവിന്റെ മാർഗ്ഗത്തിൽ ത്യാഗം ചെയ്യാൻ സന്നദ്ധനായതിന്റെ ഫലമായിട്ടാണ് അദ്ദേഹത്തിന് ഈ സ്ഥാനം ലഭിച്ചിട്ടുള്ളത്. അല്ലാഹു ഈ കാര്യത്തെ വിശുദ്ധ ഖുർആനിൽ ഇപ്രകാരം പ്രതിപാദിച്ചിട്ടുണ്ട്. وَاِبْرٰهِيْمَ الَّذِيْ وَفّٰٓى (ഇബ്റാഹീം കൂറ് കാണിക്കുകയും പ്രതിജ്ഞ പൂർത്തിയാക്കുകയും ചെയ്തു.) ഇതിനെ സംബന്ധിച്ച് ഹദ്റത്ത് മസീഹ് മൗഊദ് عليه السلام ഒരു സ്ഥലത്ത് ഇപ്രകാരം പറയുന്നു.

ഏതുവരെ മനുഷ്യൻ സത്യഹൃദയത്തോടും കൂറോടും കൂടി അല്ലാഹുവിന്റെ ദാസരായിത്തീരുന്നില്ലയോ അതുവരെ ഒരു സ്ഥാനവും കരസ്ഥമാക്കുക എന്നത് ക്ലേശകരമായ കാര്യമാണ്. അല്ലാഹു ഇബ്റാഹീം നബി عليه السلام നെക്കുറിച്ച് സാക്ഷ്യപ്പെടുത്തുകയാണ് وَاِبْرٰهِيْمَ الَّذِيْ وَفّٰٓى ഇബ്റാഹീം عليه السلام തന്റെ പ്രതിജ്ഞ പൂർത്തിയാക്കിയിരിക്കുന്നു. ഇപ്രകാരം തന്റെ ഹൃദയത്തെ ന്യൂനതയിൽ നിന്ന് പരിശുദ്ധമാക്കുക എന്നതും അല്ലാഹുവിന്റെ സ്നേഹം നിറക്കുക എന്നതും അല്ലാഹുവിന്റെ ഇംഗിതമനുസരിച്ച് ചലിക്കുക എന്നതും ഏതുപോലെ പ്രതിച്ഛായ യാഥാർത്ഥ്യത്തിന്റേതുപോലെ ആകുന്നുവോ അതുപോലെ ആയിത്തീരുക എന്നതും ദുആ മുഖേനയാണ് കരസ്ഥമാക്കാൻ സാധിക്കുന്നത്.

വീണ്ടും അദ്ദേഹം പറയുന്നു: അല്ലാഹുവുമായി കൂർ കാണിക്കാതെ വഞ്ചനകാണിക്കുന്ന നപുംസകർ, ഭയമുള്ളവർ, ഇത്തരം ആളുകളെകൊണ്ട് എന്ത് പ്രയോജനം. അവർക്ക് ഒരു വിലയും നിലയുമില്ല. ആത്മാർത്ഥത കാണിക്കുമ്പോഴാണ് വിലയും നിലയും ഉണ്ടായിത്തീരുന്നത്. ഹദ്റത്ത് ഇബ്റാഹിം (അ)മിന്ന് ലഭിച്ചിട്ടുള്ള പ്രതാപവും സ്ഥാനവും എന്തിന്റെ അടിസ്ഥാനത്തിലാണ്. اِبْرٰهِيْمَ الَّذِيْ وَفّٰٓى ഇബ്റാഹിം عليه السلام ആത്മാർത്ഥത കാണിച്ചുവെന്ന് ഖുർആൻ പ്രഖ്യാപിക്കുകയുണ്ടായി. അദ്ദേഹത്തെ തീയിൽ ഇട്ടു. പക്ഷെ ആ സമയത്തും നിങ്ങളുടെ ആരാധ്യരെ ആരാധിക്കുന്നുവെന്ന് പറഞ്ഞില്ല. അതായത് അല്ലാഹുവിനെ കൂടാതെ മറ്റ് ദൈവങ്ങളെ ആരാധിക്കുന്നത് നിഷേധിക്കുകയാണ് ചെയ്തത്. ഇത് പരിപൂർണമായ ആത്മാർത്ഥതയായിരുന്നു. പൊതുവിൽ പള്ളിക്ക് തറക്കല്ലിടുന്ന പരിപാടികളിൽ നാം ഈ ആയത്തുകൾ പാരായണം ചെയ്യുന്നു. അപ്പോൾ ഈ പള്ളി പണിയുന്നതിന്നുവേണ്ടി നാം ചെയ്യുന്ന ത്യാഗങ്ങൾ അത് പ്രകടനാത്മകതയാണോ അതല്ല യഥാർത്ഥ ത്യാഗമാണോയെന്ന കാര്യം നാം അറിയുന്നില്ല. ആ കാര്യം അല്ലാഹുവാണ് അറിയുന്നത്. അതുകൊണ്ട് നമ്മെ യഥാർത്ഥമായ ത്യാഗം ചെയ്യുന്നവരിൽ ഉൾപെടുത്തണമേയെന്ന ദുആയായിരിക്കണം നമ്മളിൽ നിന്ന് ഉണ്ടായിരിക്കേണ്ടത്. നമ്മുടെ പള്ളികൾ ജമാഅത്തിലെ അംഗങ്ങളുടെ ധനപരമായ ത്യാഗങ്ങൾ മുഖേനയാണ് പണിയുന്നത്. നാം ഈ പള്ളി പണിയുമ്പോൾ നമ്മുടെ ഹൃദയത്തിൽ ഒരു ആത്മപരിശോധന നടത്തികൊണ്ട് അല്ലാഹുവേ നമ്മുടെ ഈ ത്യാഗത്തെ നിന്റെ പ്രീതി കരസ്ഥമാക്കാനുള്ള നിമിത്തമാക്കി മാറ്റണമേയെന്ന് ദുആ ചെയ്തുകൊണ്ട് നാം ത്യാഗം ചെയ്യേണ്ടതാണ്. നമ്മൾ ചെയ്യുന്ന ത്യാഗം വലിയൊരു ത്യാഗമാണെന്ന ചിന്ത ഒരിക്കലും നമ്മുടെ ഹൃദയത്തിൽ ഉണ്ടാവാൻ പാടുള്ളതല്ല. ഇവിടെ നിങ്ങളിൽ അധികപേരും നല്ലനിലയിൽ സമ്പാദിക്കുന്നവരാണ്. പാക്കിസ്ഥാനിലും, ആഫ്രിക്കയിലും, അതുപോലെ മറ്റ് പല ദരിദ്രരാജ്യങ്ങളിലും അഹ്മദികൾ തങ്ങളുടെ ചിലവുകൾ ചുരുക്കികൊണ്ട് അല്ലാഹുവിന്റെ ഭവനം നിർമ്മിക്കുന്നതിന്നുവേണ്ടി ത്യാഗം ചെയ്തുവരുന്നു. എന്നാൽ, അല്ലാഹു

നമുക്ക് ധാരാളം തരികയാണെങ്കിൽ ധാരാളം നൽകണമെന്ന് ആഗ്രഹിക്കുന്നവരും അവരിലുണ്ട്. ആഫ്രിക്കയിൽ സാമ്പത്തികമായി ഉയർന്ന നിലയിലല്ലാത്ത ത്യാഗം ചെയ്യുന്ന ധാരാളം അഹ്മദികളെ എനിക്കറിയാം. പിന്നീട് അല്ലാഹു അവരുടെ അവസ്ഥ മാറ്റി. കച്ചവടം നന്നാക്കുകയും വരുമാനം വർദ്ധിക്കുകയും ചെയ്തപ്പോൾ അവർ തങ്ങളുടെ ത്യാഗത്തിന്റെ നിലവാരവും വർദ്ധിപ്പിച്ചു. വരുമാനം വർദ്ധിച്ചപ്പോൾ തങ്ങളുടെ സുഖസൗകര്യങ്ങൾക്ക് വേണ്ടിയല്ല ചിലവഴിച്ചത്. മറിച്ച് പള്ളികൾ നിർമ്മിക്കുന്നതിന്നുവേണ്ടിയാണ് അവർ ചിലവഴിച്ചത്. അവരിൽ ചിലർ സ്വന്തമായ നിലയിൽ വളരെ മനോഹരമായ പള്ളികൾ നിർമ്മിക്കുകയുണ്ടായി. അല്ലാഹു അത്ഭുതകരമായ ഹൃദയങ്ങളാണ് ഹദ്റത്ത് മസീഹ് മൗഊദ് عليه السلام ന്ന് നൽകിയിട്ടുള്ളത്. നമ്മൾ വലിയൊരു ത്യാഗമാണ് ചെയ്തിട്ടുള്ളതെന്ന തോന്നൽപോലും ഒരിക്കലും അവരുടെ ഹൃദയങ്ങളിൽ ഉണ്ടായിരുന്നില്ല. അധികമാളുകളും ഗാർവെയിൽ പള്ളി പണിയുന്നത് ഇഷ്ടപ്പെടുകയുണ്ടായിയെന്ന് ആദ്യം പറഞ്ഞുവല്ലൊ. എന്നാൽ ചിലർ ഡബ്ളിൽ പള്ളി പണിയണമെന്ന് ആഗ്രഹിക്കുന്നവരായിരുന്നു. ഒന്ന് രണ്ട് പേർ എനിക്ക് എഴുതുകയും ചെയ്തു. അവിടെ ജമാഅത്തിന്റെ അംഗസംഖ്യ അധികമാണ്. അതുകൊണ്ട് അവരുടെ ആവശ്യവും അനുവദനീയമാണ്. എന്നാൽ, ചില കാരണങ്ങളാൽ ഇവിടെ പള്ളിപണിയാൻ തീരുമാനിക്കുകയുണ്ടായി. അത്കൊണ്ട് ഇവിടെ പള്ളിപണിയുന്നത് ഇഷ്ടപെടാത്തവർ, അവരും ആത്മാർത്ഥമായി ഇതിൽ ഭാഗഭാക്കാവേണ്ടതാണ്. നാം ഡബ്ളിൻ താമസിക്കുന്നവരാണ് അതുകൊണ്ട് ആദ്യം അവിടെയാണ് പള്ളിപണിയേണ്ടതെന്ന വിചാരം ഒരിക്കലും ഉണ്ടാവാൻ പാടുള്ളതല്ല. ഇത് മർക്കസിന്റെ പ്രോജക്റ്റാണ്. അതിൽ എല്ലാവരും പങ്കാളികളാവേണ്ടത് നിർബന്ധമാണ്. ഡബ്ളിൽ പള്ളി പണിയുമ്പോൾ അവിടെയും എല്ലാവരും പങ്കാളികളാവുന്നതാണ്. ഇത് തുറന്ന് കിടക്കുന്ന വഴിയാണ്. ഒരു പള്ളി പണിതുകഴിഞ്ഞാൽ ഇത് നിന്നുപോവുന്നില്ല. ഈയൊരു കാര്യമാണ് യഥാർത്ഥ കൂറിന്റെ അടയാളമായി കാണിക്കുന്നത്. യഥാർത്ഥ കൂർ കാണിക്കുകയെന്നതിന്റെ ഉദ്ദേശ്യം പ്രതിജ്ഞ പൂർത്തിയാക്കുകയെന്നതാണ്. ഞാൻ, എന്റെ ധനത്തെയും, മാനത്തേയും, സമയത്തേയും ത്യാഗം ചെയ്യുവാൻ എപ്പോഴും സന്നദ്ധനാണെന്ന് എല്ലാ അഹ്മദികളും പ്രതിജ്ഞയെടുത്തതാണ്. സ്വാർത്ഥതയില്ലാതെ കഴിവിന്റെ പരമാവധി ഈ പള്ളിക്ക് വേണ്ടി എല്ലാ അഹ്മദികളും ത്യാഗം ചെയ്യുമ്പോഴാണ് യഥാർത്ഥ കൂറിന്റെ അവസ്ഥ നിലനിൽക്കുന്നത്. ഇന്ന് നിങ്ങളോട് ആവശ്യപ്പെടുന്നത് ഈയൊരു കാര്യമാണ്. പല സന്ദർഭങ്ങളിലും പല കാര്യങ്ങളാണ് ആവശ്യപ്പെടാറുള്ളത്. കൂറിന്റെ അവസ്ഥ നിലനിർത്തുകയും പ്രതിജ്ഞ പൂർത്തിയാക്കുകയും ചെയ്യുമ്പോഴാണ് അല്ലാഹുവിന്റെ സാമിപ്യം കരസ്ഥമാകുകയെന്നകാര്യം നാം എപ്പോഴും ഓർമ്മിക്കേണ്ടതാണ്. അല്ലാഹുവിനെ ആരാധിക്കുന്നതിന്നുവേണ്ടി ഉണ്ടാക്കുന്ന ഭവനങ്ങൾ, ആ ഭവനങ്ങൾ നിർമ്മിക്കുന്നതിന്നുവേണ്ടി തന്റെ കഴിവിന്റെ പരമാവധി ത്യാഗം ചെയ്യുകയെന്നതിൽ കവിഞ്ഞ് മറ്റെന്ത് കാര്യമാണ് അവന്ന് പ്രയോജനപ്രദമായിട്ടുള്ളത്. അല്ലാഹുവിന്റെ ഭവനം നിർമ്മിക്കുന്നതിന്നുവേണ്ടി അല്ലാഹുവിന്റെ വരിഷ്ഠദാസന്മാരായ ഹദ്റത്ത് ഇബ്റാഹിം عليه السلام ഉം ഹദ്റത്ത് ഇസ്മായിൽ عليه السلام ഉം രണ്ടുപേരും അവരുടെ പക്കൽ എന്താണോ ഉണ്ടായിരുന്നത് അത് മുഴുവനും അവർ സമർപ്പിക്കുകയുണ്ടായി. അതിന്റെ ഫലമായി അവരുടെ സന്താനപരമ്പരയിൽ നിന്ന് അല്ലാഹുവിന്റെ പ്രിയപ്പെട്ട പ്രവാചകനെ നിയോഗിക്കുകയുണ്ടായി. അതോടൊപ്പം തന്നെ ഇവർ രണ്ടുപേരുടേയും നാമങ്ങളും ഖിയാമത്ത്നാൾ വരെ തന്റെ പ്രിയപ്പെട്ട പ്രവാചകനുമായി ബന്ധപ്പെടുത്തുകയും ചെയ്തു. ഇത് അല്ലാഹുവിന്റെ പക്കൽ അങ്ങേയറ്റം സ്വീകരിക്കപ്പെട്ടിട്ടുള്ള ഒരു ത്യാഗമാണ്. അവസാനനാൾ വരെ ഇബാദത്തിലേക്ക് ശ്രദ്ധ തിരിയുന്നതോടൊപ്പം ഈ വരിഷ്ഠദാസരുടെ ത്യാഗവും ഓർമ്മ വരുന്നതിന്നുവേണ്ടിയും, അവരുടെ ആത്മാർത്ഥതയുടെ മാതൃക മുന്നിൽ വെച്ച്കൊണ്ടും, നമുക്കും നമ്മുടെ ആത്മാർത്ഥതയെ പരിശോധിക്കുന്നതിലേക്ക് ശ്രദ്ധ തിരിക്കുന്നതിന്നുവേണ്ടിയും, എപ്പോഴും നമ്മുടെ ദുആ അല്ലാഹുവിന്റെ സന്നിധിയിൽ സ്വീകരിക്കപ്പെടുന്നതിന്നുവേണ്ടിയും, നമ്മളും ഈ ത്യാഗത്തിന്റെ മാതൃക മുന്നിൽ വെച്ച് കൊണ്ട് അല്ലാഹുവിന്റെ ഭവനം നിർമ്മിക്കുകയെന്നും, തങ്ങളുടെ ശ്രദ്ധ ഈ ഭവനത്തിലേക്ക് തിരിക്കുകയെന്നുള്ള കൽപനയാണ് നമുക്ക് നൽകിയിട്ടുള്ളത്. ഈയൊരു ആത്മാവാണ് പള്ളി പണിയുന്നവർ എപ്പോഴും നിലനിർത്തേണ്ടത്. ഈ ആത്മാവ് നിലനിർത്തുന്നതിന്നുവേണ്ടിയുള്ള കൽപനകൾ അടുത്ത രണ്ട് ആയത്തുകളിൽ അല്ലാഹു വിശദീകരിച്ചു പറയുന്നുണ്ട്. അതിപ്രകാരമാണ്. ഈ ആത്മാവ് നിലനിർത്തുന്നതിന്നും ത്യാഗത്തിന്റെ ആത്മാവ് നിലനിർത്തുന്നതിന്നുവേണ്ടിയും ചില പ്രവൃത്തികളുണ്ട്. അത് എപ്പോഴും നാം ചെയ്യേണ്ടതാണ്. അല്ലാഹുവിന്റെ പ്രിയപ്പെട്ട ഈ രണ്ട്കൂട്ടരും ഇപ്രകാരമാണ് ദുആ ചെയ്തത് رَبَّنَا وَاجْعَلْنَا مُسْلِمَيْنِ لَكَ

അല്ലാഹുവേ നീ ഞങ്ങളെ രണ്ടുപേരെയും അനുസരണമുള്ള ദാസരായി മാറ്റേണമേ. ചുരുക്കത്തിൽ ആരാധനാലയം നിർമ്മിക്കുന്ന ആളുടെ ഒന്നാമത്തെ നിബന്ധന അവർ പരിപൂർണ അനുസരണമുള്ളവരായിരിക്കണം. ഇവിടെ വീണ്ടും ആത്മാർത്ഥതയുടെ വിഷയത്തിലേക്കാണ് തിരിയുന്നത്. പരിപൂർണമായ ആത്മാർത്ഥത ഉണ്ടാവുമ്പോൾ മാത്രമേ പരിപൂർണമായ അനുസരണമുണ്ടാവുകയുള്ളു. പരിപൂർണ അനുസരണമാണ് പരിപൂർണ ആത്മാർത്ഥത കാണിക്കുന്നവരാക്കി മാറ്റുന്നത്. ആത്മാർത്ഥതയുടെ ഉന്നതമായ നിലവാരം കാണിക്കുന്നവർക്ക് മാത്രമേ പരിപൂർണമായ അനുസരണം കാണിക്കാൻ സാധിക്കുകയുള്ളു. മനുഷ്യൻ പരിപൂർണമായ അനുസരണമുള്ളവനായി മാറുമ്പോൾ ആത്മീയമായ അവസ്ഥ കൈവരിക്കുവാൻ സാധിക്കുന്നതാണ്. ദാസൻ അല്ലാഹുവിനോട് പരിപൂർണമായ ആത്മാർത്ഥതയുടെ പ്രതിജ്ഞ ചെയ്യുകയോ, ദുആചെയ്യുകയോ ചെയ്യുമ്പോൾ, അതിന്റെ അർത്ഥം അനുസരണത്തിന്റെ ഉന്നതമായ നിലവാരം കരസ്ഥമാക്കാൻ വേണ്ടി കഴിവിന്റെ പരമാവധി ശ്രമിക്കുക എന്നതാണ്. അല്ലാഹുവിന്റെ കൽപനകളിൽ അവനോടുള്ള കടപ്പാടിലേക്ക് ശ്രദ്ധിക്കുന്നതോടൊപ്പം സമസൃഷ്ടികളോടുള്ള കടപ്പാടിനെ സംബന്ധിച്ചും ശ്രദ്ധ നൽകിയിരിക്കുന്നു. ആരാധനയുടെ നിലവാരം ഉയർത്തുന്നതിലേക്ക് ശ്രദ്ധ തിരിക്കുന്നതോടൊപ്പം ജമാ

അത്ത് വ്യവസ്ഥയെ പരിപൂർണമായി അനുസരിക്കുന്നതിലേക്കും മനുഷ്യൻ ഈ മാതൃകകൾ സ്വയം നിലനിർത്തുകയും, അതിന്നു വേണ്ടി ദുആചെയ്യുകയും ചെയ്യുമ്പോൾ, എന്റെ ഈ നന്മ എനിക്ക് ശേഷം നിലച്ചുപോവരുതെന്നും ഈ നന്മ തുടർന്നുപോവേണ്ടതാണെന്നും അവൻ ആഗ്രഹിക്കുന്നു. അതുകൊണ്ട് അല്ലാഹുവിന്റെ ഭവനം നിർമ്മിക്കുന്നതോടൊപ്പം തന്നെ അല്ലാഹു ഇപ്രകാരം ദുആയും പഠിപ്പിച്ചു. അല്ലാഹുവേ! നമ്മുടെ സന്താനങ്ങളിൽ നിന്ന് നീ പരിശുദ്ധവും, അനുസരണവുമുള്ള ഒരു ജമാഅത്ത് സൃഷ്ടിക്കേണമേ. അവർ നിന്റെ ആരാധനയിൽ ശ്രദ്ധ ചെലുത്തുന്നവരായിരിക്കണം, ജമാഅത്ത് വ്യവസ്ഥിതിയുമായി ബന്ധപ്പെട്ട് നിൽക്കുന്നവരായിരിക്കണം. ഉന്നതമായ ധാർമ്മികഗുണം സ്വായത്തമാക്കികൊണ്ട് മറ്റുള്ളവരുടെ അവകാശങ്ങൾ നിറവേറ്റുന്നവരായിരിക്കണം. പലരും ഹദ്റത്ത് മസീഹ് മൗഊദ് عليه السلام ന്റെ കാലത്ത് തന്നെ ബൈഅത്ത് ചെയ്തവരാണ്. എന്നാൽ അവർക്ക് തങ്ങളുടെ ഭാര്യാമക്കളെ ശരിയായരീതിയിൽ ശിക്ഷണം കൊടുക്കാനും ജമാഅത്തുമായി ബന്ധപ്പെടുത്താനും സാധിച്ചിരുന്നില്ല. അതുകാരണം അത്തരം മക്കൾ പതുക്കെപതുക്കെ ജമാഅത്തിൽ നിന്ന് ദൂരപ്പെട്ടുപോയി. അവർക്കിത് മനസ്സിലാക്കാൻ സാധിച്ചിട്ടില്ല. സ്വയം പരിപൂർണമായി അനുസരണം കാണിക്കുകയും അതിനായി ദുആ ചെയ്യുകയും ചെയ്യുന്ന ഒരു വ്യക്തി, തന്റെ സന്താനങ്ങൾക്കു വേണ്ടി ദുആചെയ്യുകയും, അതിന്നുവേണ്ടി പരിശ്രമിക്കുകയും ചെയ്യേണ്ടതാണെന്ന കാര്യം മറന്നുപോയി. അങ്ങിനെ പ്രവൃത്തിക്കുമ്പോഴാണ് വിജയം ലഭിക്കുന്നത്. ചുരുക്കത്തിൽ ഈ ദുആയുടെ പരമ്പര എപ്പോഴും നിലനിൽക്കേണ്ടതാണ്. ഇങ്ങനെ ദുആചെയ്യുമ്പോൾ മാത്രമാണ് അല്ലാഹുവിന്റെ ഭവനം നിർമ്മിക്കുന്നതിന്നുള്ള ലക്ഷ്യം കരസ്ഥമാക്കാൻ സാധിക്കുന്നത്. ഈ ലക്ഷ്യം കരസ്ഥമാക്കാൻ സാധിച്ചാൽ അവന്റെ ആത്മിയവും ഭൗതികവും നന്നായിതീരുന്നു. ഹദ്റത്ത് ഇബ്റാഹിം عليه السلام ന്റെയും ഹദ്റത്ത് ഇസ്മായിൽ عليه السلام ന്റെയും ദുആ അല്ലാഹുവിൽ സ്വീകരിക്കപ്പെട്ടു. അതിന്റെ ഫലമായി ഞാൻ മുമ്പു പറഞ്ഞതുപോലെ കഅ്ബ മുഴുലോകത്തെ പള്ളിയുടെയും ലക്ഷ്യസ്ഥാനമായി മാറി. ഇവർ രണ്ടുപേരുടെയും സന്താനപരമ്പരയിൽ നിന്ന് അതിമഹത്തായ പ്രവാചകൻ സൃഷ്ടിക്കപ്പെട്ടു. അദ്ദേഹം അനുസരണത്തിന്റെയും, ആരാധനയുടെയും പുതിയതും, മഹത്തായതുമായ സ്ഥാനങ്ങൾ നിലനിർത്തുകയുണ്ടായി. അല്ലാഹു ഹദ്റത്ത് ഇബ്റാഹിം عليه السلام നെക്കാളും കൂടുതലായി നബികരീം صلى الله عليه وسلم ന്റെ വ്യക്തിത്വത്തിലൂടെ ദുആയുടെയും, ആരാധനയുടെയും സ്ഥാനങ്ങൾ നിലനിർത്തുകയുണ്ടായി. എന്നിട്ട് നമ്മോട് പറഞ്ഞു.

നിശ്ചയമായും നിങ്ങൾക്ക് അല്ലാഹുവിന്റെ റസൂലിൽ ഉത്തമ മാതൃകയുണ്ട്. ആ മാതൃകയിൽ നാമെന്താണ് കണ്ടത്. ഞാൻ പള്ളിയുമായി ബന്ധപ്പെട്ട കാര്യം പറയാം. ഇബാദത്തിന്റെ പുതിയ പുതിയ മാനങ്ങൾ നിലനിർത്തുകയുണ്ടായി. സ്വന്തമായ നിലയിൽ നിലനിർത്തുക മാത്രമല്ല ചെയ്തത്, മറിച്ച് സഹാബാക്കളിലും ആ രീതിയിലുള്ള ആത്മാവ് ഊതപ്പെട്ടു. അവർ ഇബാദത്തിന്റെ പുതിയ പുതിയ സ്ഥാനങ്ങൾ നിലനിർത്തുകയുണ്ടായി. സമൂഹത്തിലുള്ള ആളുകൾ ഏകദൈവത്തെ ആരാധിക്കുന്നതിലേക്ക് ശ്രദ്ധ തിരിക്കുന്നതിന്നുവേണ്ടിയും, ഒരുസ്ഥലത്ത് ഒരുമിച്ച് നിന്നുകൊണ്ട് ആരാധന നടത്തുന്നതിന്നുവേണ്ടിയും, അവർ മദീനയിൽ എത്തിയതിന്നുശേഷം ആദ്യം ചെയ്തത് പള്ളിക്ക് തറക്കല്ലിടുക എന്നതായിരുന്നു. മസ്ജിദ് നബവി രാപകൽ അല്ലാഹുവിനെ ആരാധിക്കുന്നവരുടെ അടയാള സ്ഥലമായി മാറിയെന്നതും ലോകർ കണ്ടു. ഇന്നും അത് തുടർന്നുകൊണ്ടിരിക്കുന്നു. ചുരുക്കത്തിൽ അല്ലാഹുവിന്റെ ഭവനം നിർമ്മിക്കുന്നതോടൊപ്പം അല്ലാഹുവുമായി തങ്ങളുടെ സന്താനങ്ങളെ ബന്ധപ്പെടുത്തുന്നതിന്നുള്ള ശ്രമവും, ദുആയും ഉണ്ടായിരിക്കേണ്ടതാണ്. അപ്പോൾ മാത്രമേ പള്ളി നിർമ്മിക്കുന്നതുകൊണ്ടുള്ള ലക്ഷ്യത്തെ നമുക്ക് പൂർത്തിയാക്കാൻ സാധിക്കുകയുള്ളു. ഇതല്ലെങ്കിൽ കല്ലും മണ്ണും സിമന്റും ചേർത്ത്കൊണ്ട് ഒരു കെട്ടിടം ഉണ്ടാക്കുന്നത് കൊണ്ട് ഒരു പ്രയോജനവുമില്ല. നാം സാമ്പത്തിക ത്യാഗം ചെയ്തുകൊണ്ട് പള്ളിപണിയുന്നതാണെന്നും, അതോടുകൂടി നമ്മുടെ ഉത്തരവാദിത്വം അവസാനിക്കുന്നതാണെന്നും നിങ്ങൾ ഒരിക്കലും ധരിക്കരുത്. പള്ളിപണിയുമ്പോൾ നാം തറക്കല്ലിന്ന് വെക്കുന്ന ആദ്യത്തെ ഇഷ്ടിക മുതൽ പള്ളിയുടെ മേൽകൂരയുടെ അവസാനത്തെ ഇഷ്ടിക വെക്കുന്നതുവരെ ഈ പള്ളി ജനനിബിഢമായിത്തീരാനും, നമ്മുടെയും നമ്മുടെ സന്താനങ്ങളുടെയും ഹൃദയം ആത്മാർത്ഥതയോടുകൂടി അല്ലാഹുവിന്ന് ഇബാദത്ത് ചെയ്യുന്നതിലേക്ക് തിരിയുന്നതിന്നുവേണ്ടിയും, ദുആ ചെയ്തുകൊണ്ടിരിക്കേണ്ടത് നമ്മുടെ ഓരോരുത്തരുടെയും ബാധ്യതയാണ്. ചില പള്ളികളെ കുറിച്ച് അല്ലാഹു വിശുദ്ധഖുർആനിൽ ഉദാഹരിച്ചു പറഞ്ഞത് അതിന്റെ അടിത്തറ കുഴപ്പത്തിലാണ് ഉയർത്തിയതെന്നാണ്. എന്നാൽ അടിത്തറ തഖ്വയിൽ ഉയർത്തിയ പള്ളികളാണ് നാം നിർമ്മിക്കേണ്ടത്. നമ്മെ മുമ്പത്തേക്കാളുപരി അല്ലാഹുവിലേക്ക് കുമ്പിടുന്നവരാക്കി മാറ്റുമ്പോഴാണ് പള്ളി നിർമ്മിക്കുന്നത് കൊണ്ട് യഥാർത്ഥമായ സന്തോഷമുണ്ടാകുന്നത്. ഇത് പൂർത്തിയാക്കി കഴിഞ്ഞാൽ ആരാധന നടത്തുന്നതിന്നുള്ള ഒരു ആഗ്രഹം ഹൃദയത്തിൽ ഉണ്ടായിരിക്കേണ്ടതാണ്. അല്ലാഹുവേ നിന്റെ സന്നിധിയിൽ സ്വീകരിക്കപ്പെടുന്ന ഇബാദത്ത് ചെയ്യാനും, ത്യാഗംചെയ്യാനുമുള്ള രീതി പഠിപ്പിച്ചുതരേണമേയെന്ന ദുആയും ഈ ആയത്തിൽ പഠിപ്പിക്കപ്പെട്ടിരിക്കുന്നു. നമ്മുടെ ആരാധനയുടെയും, ത്യാഗത്തിന്റെയും നിലവാരം ആദ്യത്തേക്കാളുപരി വർദ്ധിപ്പിക്കേണ്ടതാണ്. ഈ പള്ളി ഇവിടെ താമസിക്കുന്നവരിൽ വലിയൊരു ഉത്തരവാദിത്വമാണ് ഏൽപിക്കുന്നത്. ഈ കാര്യം നമ്മൾ മനസ്സിലാക്കുകയാണെങ്കിൽ നാം അല്ലാഹുവിന്റെ അനുഗ്രഹത്താൽ അവന്റെ സന്നിധിയിൽ സ്വീകരിക്കപ്പെടുന്നതാണ്. ഈ ആയത്തിൽ അവസാനമായി ചെയ്തിട്ടുള്ള ദുആ وَتُبْ عَلَيْنَا എന്നാണ്. ഞങ്ങളുടെ നേരെ കാരുണ്യത്തോടെ തിരിയേണമേ. അതായത് നാം എത്ര കണ്ട് ശ്രമിച്ചാലും, എത്ര തന്നെ ഇബാദത്തിലേക്ക് ശ്രദ്ധ തിരിച്ചാലും, തങ്ങളുടെ സന്താനങ്ങൾക്ക് ശിക്ഷണം കൊടുക്കുന്നതിലേക്ക് ശ്രദ്ധ തിരിച്ചാലും, നിന്റെ സന്ദേശം എത്തിക്കുന്നതിലേക്ക് ശ്രദ്ധ തിരിച്ചാലും, നമ്മുടെ പ്രവൃത്തികളിൽ പോരായ്മകൾ ഉണ്ടാകും. നമ്മുടെ ബലഹീനതകൾ കാരണമായി നമ്മളിൽ അർപ്പിതമായിട്ടുള്ള ജോലി തെറ്റിപോവരുതേ. അല്ലാഹുവേ നിന്റെ

അനുഗ്രഹത്തോടുകൂടി നമ്മളിൽ ശ്രദ്ധവെക്കുകയും നമ്മളിൽ ഏതെങ്കിലും രീതിയിൽ അലസത വന്നുപോയിട്ടുണ്ടെങ്കിൽ നമുക്ക് പൊറുത്തുതരികയും ചെയ്യേണമേയെന്ന് ദുആ ചെയ്യേണ്ട താണ്. എന്ത് കൊണ്ടെന്നാൽ, നീ അങ്ങേയറ്റം തൗബ സ്വീകരി ക്കുന്നവനും വീണ്ടും വീണ്ടും കരുണ കാണിക്കുന്നവനുമാണ്. ചുരുക്കത്തിൽ അറിഞ്ഞുകൊണ്ട് തെറ്റിൽ അകപ്പെടാത്തവന്റെ തൗബയാണ് സ്വീകരിക്കപ്പെടുന്നത്. അപ്രകാരം തന്നെ വീണ്ടും വീണ്ടും കരുണ ചോദിക്കുന്നവരിൽ വീണ്ടും വീണ്ടും കരുണ ചെയ്യപ്പെടുന്നു. ചുരുക്കത്തിൽ ഇത് ദുആയുടെയും, നന്മ പ്രവർത്തിക്കുന്നതിന്റെയും, തിന്മയിൽ നിന്ന് രക്ഷപെടുന്നതി ന്നുമുള്ള ഒരു മാർഗമാണ്. ഇത് നിലനിൽക്കുകയാണെങ്കിൽ അല്ലാഹുവിന്റെ അനുഗ്രഹവും ലഭിച്ചുകൊണ്ടിരിക്കുന്നതാണ്. ഞാൻ പറഞ്ഞതു പോലെ അല്ലാഹുവിന്റെ ഭവനനിർമ്മാണവു മായി ബന്ധപ്പെടുത്തികൊണ്ട് നമ്മളിൽ വർദ്ധിച്ചുവരുന്ന ഉത്തര വാദിത്വത്തിലേക്ക് ശ്രദ്ധതിരിക്കേണ്ടതാണ്. ഇന്ന് ഈ പള്ളിയുടെ തറക്കല്ലിടൽ പരിപാടിയോടുകൂടി പ്രസ്സിന്റെയും, മീഡിയയുടേയും ശ്രദ്ധ ഈ ഭാഗത്തേക്ക് തിരിയുന്നതാണ്. മുമ്പ് ജമാഅത്തിനെക്കു റിച്ച് അറിയാത്തവർ ഈ പരിപാടിക്കുശേഷം അറിഞ്ഞെന്നുവരാം. ജനങ്ങളുടെ ശ്രദ്ധ ഈ ഭാഗത്തേക്ക് തിരിഞ്ഞെന്നുവരാം. എന്നു മാത്രമല്ല, ഇത്തരം പരിപാടികൾ മുഖേന ജനങ്ങളുടെ ശ്രദ്ധ ഈ ഭാഗത്തേക്ക് തിരിയാറുണ്ടെന്നാണ് പല നാടുകളിലുള്ള സംഭവ ങ്ങളിൽ നിന്ന് നമുക്ക് മനസ്സിലാക്കാൻ സാധിക്കുന്നത്. കെട്ടിടം പണിതുകഴിഞ്ഞാലുടൻ ജനങ്ങളുടെ ശ്രദ്ധ ഈ ഭാഗത്തേക്ക് തിരി യുന്നതാണ്. അപ്പോൾ ഇവിടെയുള്ള അഹ്മദികളുടെ പ്രധാന്യം വർദ്ധിക്കുന്നതാണ്. എന്റെ പ്രാധാന്യം വർദ്ധിക്കുന്നുവെന്ന തോ ന്നൽ ഓരോ അഹ്മദികൾക്കും ഉണ്ടാവേണ്ടതാണ്. ഇവിടെയുള്ള പ്രാദേശിക ആളുകളുടെ ദൃഷ്ടിയിൽ നിങ്ങൾ വരുന്നതാണ്. തബ്‌ലീഗിന്റെ വഴി തുറക്കുന്നതോടൊപ്പം നിങ്ങൾക്ക് പല രീതി കളിലും സത്യസന്ദേശം എത്തിക്കുന്ന കാര്യത്തിൽ മുമ്പത്തേക്കാ ളുപരി പരിശ്രമിക്കേണ്ടതായിവരും. ഞാൻ പല പ്രാവശ്യവും പറ യാറുള്ളത്, ഹദ്റത്ത് മസീഹ് മൗഊദ് عليه السلام പറഞ്ഞത് നിങ്ങൾ ഇസ്‌ലാമിനെകുറിച്ച് പരിചയപ്പെടുത്തണമെന്നും, സത്യസന്ദേശം എത്തിക്കണമെന്നും ആഗ്രഹിക്കുന്നുവെങ്കിൽ അവിടെ പള്ളി പണിയുക എന്നാണ്. പള്ളി പണിയുന്നതോടുകൂടി തബ്‌ലീഗിൽ വിശാലതയുണ്ടാവുമെന്ന് ഞാൻ പ്രതീക്ഷിക്കുന്നു. നിങ്ങളുടെ പ്രതിജ്ഞ പൂർത്തിയാകണമെങ്കിൽ നിങ്ങൾ ആഗ്രഹിക്കുന്നില്ലെ ങ്കിലും തബ്‌ലീഗിൽ വിശാലത കാണിക്കേണ്ടതായിവരും. എന്നാൽ ഇതിനോടൊപ്പം ഇവിടെ താമസിക്കുന്ന സ്ത്രീപുരുഷന്മാരായ ഓരോരുത്തരും തങ്ങളുടെ മാതൃക നിലനിർത്തേണ്ടതാണ്. നന്മ പ്രവർത്തിക്കാനുള്ള ശക്തി അല്ലാഹു നൽകുന്നതിന്നു വേണ്ടി അല്ലാഹുവിന്റെ സന്നിധിയിൽ തൗബയും ഇസ്തിഗ്ഫാറും ചെയ്യേ ണ്ടയായി വരും. നോക്കുക! ഹദ്റത്ത് ഇബ്റാഹിം عليه السلام ഉം ഹദ് റത്ത് ഇസ്മായിൽ عليه السلام ഉം കഅ്ബ പണിയുമ്പോൾ അവർ രണ്ടു പേരും മാത്രമായിരുന്നു ഉണ്ടായിരുന്നത്. എന്നാൽ ഇതിന്റെ പണി ആരംഭിക്കുമ്പോൾ തന്നെ അല്ലാഹു നമ്മോട് ഒരു അതിമഹത്തായ പ്രവൃത്തിയാണ് ചെയ്യിക്കുന്നത്, അതുകൊണ്ട് ഭാവിയിൽ അവൻ തന്നെ നമ്മുടെ സന്താനങ്ങളിൽ വിശാലത നൽകുന്നതാണെന്ന ദൃഢമായ വിശ്വാസമുണ്ടായിരുന്നു. അതുകൊണ്ട് അക്കാര്യം മുൻ നിർത്തി വരാനിരിക്കുന്ന സന്താനങ്ങൾക്കുവേണ്ടിയും ദുആ ചെയ്തു. ഭാവിയിൽ ഏതൊരു സന്താനങ്ങളാണോ വരുന്നത് അവരും ഈ ഉദ്ദേശത്തെ മുന്നിൽ വെക്കേണമേ. എന്നാൽ ഹദ്റത്ത് നബികരീം ﷺ യുമായും നബികരീം ﷺ ന്റെ യഥാർത്ഥ പ്രേമിയുമായും ബന്ധപെട്ടിട്ടുള്ള നാം ഈ വർദ്ധിച്ചുകൊണ്ടിരിക്കുന്ന ഉമ്മത്തിനെ കണ്ടുകൊണ്ടിരിക്കുകയാണ്. ഈ കാലഘട്ടത്തിൽ അല്ലാഹു ഹദ്റത്ത് മസീഹ് മൗഊദ് عليه السلام നെ ഇബ്റാഹിം എന്ന നാമത്തി ലും വിളിച്ചിരുന്നു. ചുരുക്കത്തിൽ ഈ കാലഘട്ടത്തിലെ ഇബ്റാ ഹിമിന്റെയും ദുആ സ്വീകരിക്കപ്പെട്ടിരിക്കുന്നു, സ്വീകരിക്കപ്പെ ട്ടുകൊണ്ടിരിക്കുന്നു. ഈ കാര്യം നാം ഇതിന്നുമുമ്പും കണ്ടതാ ണ്, ഇപ്പോൾ കണ്ടുകൊണ്ടിരിക്കുന്നു, ഇനിയും കണ്ടുകൊണ്ടിരി ക്കുന്നതാണ്. ഹദ്റത്ത് മസീഹ് മൗഊദ് عليه السلام ന്ന് ഉണ്ടായ ഒരു അറബി വെളിപാടിൽ അല്ലാഹു ഇപ്രകാരം പറയുന്നു.

***ഉറീഹുക വലാ ഉഹീയുക വ ഉഖ്റിജു മിൻക ഖൗമ.*** ഞാൻ നിനക്ക് വിശ്രമം നൽകുന്നതാണ്. ഞാൻ നിന്റെ നാമം മായിച്ചുക ളയുന്നതല്ല. നിന്നിൽ നിന്ന് ഒരു വലിയ സമൂഹം ഉണ്ടാകുന്ന താണ്. ഹദ്റത്ത് മസീഹ് മൗഊദ് عليه السلام പറയുകയാണ്. ഇതിനോ ടൊപ്പംതന്നെ ഹൃദയത്തിൽ ഇതിനെ കുറിച്ച് മനസ്സിലാക്കിതരി കയും ചെയ്തു. ഇതിന്റെ ഉദ്ദേശ്യമിതാണ്. ഞാൻ ഇബ്റാഹിമിനെ പോലെയുള്ള സമൂഹമുണ്ടാക്കി. ചുരുക്കത്തിൽ നബികരീം ﷺ ന്റെ യഥാർത്ഥ പ്രേമിയായ ഹദ്റത്ത് മസീഹ് മൗഊദ് عليه السلام മുഖേന ഉണ്ടായികൊണ്ടിരിക്കുന്ന സമൂഹം, അല്ലാഹുവിന്റെ പ്രത്യേകമായ സഹായത്തോടുകൂടിയാണ് ഉണ്ടാവുന്നത്. അപ്രകാരം തന്നെ ഈ സമൂഹത്തിന്റെ ഇബാദത്തിന്നുവേണ്ടി പള്ളി നിർമ്മിക്കാനുള്ള തൗഫീഖും അവന്റെ അനുഗ്രഹംകൊണ്ട് ജമാഅത്തിന്ന് ലഭിച്ചു കൊണ്ടിരിക്കുന്നു. നാമും നമ്മുടെ സന്താനങ്ങളും ഇതിന്റെ അനു ഗ്രഹം എപ്പോഴും അനുഭവിച്ചുകൊണ്ടിരിക്കാൻ വേണ്ടി, തൗബ യോടും ഇസ്തിഗ്ഫാറോടും കൂടി അല്ലാഹുവിനോട് ദൃഢമായ ബന്ധം സ്ഥാപിക്കുന്നതിൽ എപ്പോഴും വർദ്ധനവ് ഉണ്ടാക്കേണ്ട താണ്. നമ്മുടെ ത്യാഗങ്ങൾ അല്ലാവിന്റെ സന്നിധിയിൽ സ്വീകരി ക്കപ്പെടുമാറാകട്ടെ. നമ്മുടെ സന്താനങ്ങളിലും അഹ്മദിയ്യത്ത് അഥവാ യഥാർത്ഥ ഇസ്‌ലാമിനോട് ബന്ധം സ്ഥാപിക്കുന്ന ആത്മാ വ് ഉണ്ടാക്കുന്നവരായി നാം മാറട്ടെ. നമുക്ക് അല്ലാഹു അതിനുള്ള തൗഫീഖ് നൽകുമാറാകട്ടെ. ആമീൻ.


**വിവർത്തനം**
മൗലവി സഫർ അഹ്മദ് സാഹിബ്, മാത്തോട്ടം
മുബല്ലിഗ് – മാത്തോട്ടം, **PHONE : 9633275123**

Page Layout & Type Set: Majlis Khuddamul Ahmadiyya, Kozhikode
Published by : **Majlis Khuddamul Ahmadiyya, Kerala**

**KHUTHBA:**
**HADHRAT MIRZA MASROOR AHMAD** atba
**KHALIFATHUL MASIH - V**
**on 17 - 09 - 2010**
**at Ireland**